(സി)&(ഡി) സർക്കാർ ആശുപത്രികളിൽ എച്ച്.ഡി.സി.കളുടെ ആഭിമുഖ്യത്തിൽ നടത്തുന്ന പേയിംഗ് കൗണ്ടറുകളുടെ പ്രവർത്തനത്തിന് ഒരു പൊതുമാനദണ്ഡം ഏർപ്പെടുത്തുന്നത് അഭികാമ്യമാണോ എന്ന് പരിശോധിക്കുവാനും, അങ്ങനെയെന്ന് കണ്ടാൽ അതിന് ആവശ്യമായ വിശദമായ നടപടി ക്രമങ്ങളും മറ്റും പരിശോധിച്ച് വ്യക്തമായ നിർദ്ദേശം തയ്യാറാക്കി സമർപ്പിക്കുവാൻ ആരോഗ്യ വകുപ്പ് ഡയറക്ടറോടും, മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടറോടും ആവശ്യപ്പെട്ടിട്ടുണ്ട്. നിർദ്ദേശങ്ങൾ ലഭിക്കുന്നമുറയ്ക്ക് മേൽനടപടികൾ സ്വീകരിക്കുന്നതാണ്.

(ഇ) താലൂക്ക്, ജില്ലാ ആശുപത്രികളിലും മെഡിക്കൽ കോളേജ് ആശുപത്രികളിലും പ്രവർത്തിക്കുന്ന ന്യായവില മെഡിക്കൽ ഷോപ്പുകളിൽ പ്രതിദിനം ശരാശരി 3000/- രൂപ മുതൽ 2.7 ലക്ഷം രൂപ വരെയുള്ള വിൽപ്പന നടക്കുന്നുണ്ട്.

മുല്ലപ്പെരിയാറിൽ തമിഴ്നാട് നിർമ്മിച്ച ബേബി ഡാം

8 (*154) ശ്രീ. എ.കെ മണി :

ശ്രീ. ജോർജ്ജ് ജെ. മാത്യു :

ശ്രീ. കെ. ബാബു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുല്ലപ്പെരിയാറിൽ ബേബി ഡാം നിർമ്മിക്കുവാൻ തമിഴ്നാടിന് അനുമതി ലഭിച്ചിരുന്നുവോ;

(ബി) തമിഴ്നാട് ബേബി ഡാം നിർമ്മിച്ചത് സംസ്ഥാനതാല്പര്യങ്ങളെ ഏതെല്ലാം വിധത്തിൽ പ്രതികൂലമായി ബാധിച്ചിട്ടുണ്ട്;

(സി) തമിഴ്നാട് ഈ ഡാം പുതുക്കിപ്പണിയാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ഡി) എങ്കിൽ ഈ സംരംഭത്തെ തടയുമോ?

മുഖ്യമന്ത്രി (ശ്രീ. ഇ.കെ. നായനാർ) :

(എ) 1986-ലെ പെരിയാർ പാട്ടക്കരാറിന്റെ വ്യവസ്ഥ 3 പ്രകാരം പെരിയാർ പദ്ധതിയുമായി ബന്ധപ്പെട്ട ജലസേചന ജോലികളും മറ്റ് അനുബന്ധ നിർമ്മാണപ്രവർത്തനങ്ങളും നടത്തുവാൻ തമിഴ്നാടിന് പൂർണ്ണ അവകാശം നൽകിയിട്ടുണ്ട്. അതനുസരിച്ചാണ് 1986-95 കാലയളവിൽ മുല്ലപ്പെരിയാർ ഡാമും, ഡാമിന്റെ വലതുഭാഗത്ത് പത്ത് വെന്റുകളോടുകൂടിയ സ്പിൽവേയും ഇടതുഭാഗത്ത് ബേബി ഡാമും നിർമ്മിച്ചത്.

(ബി) ബേബി ഡാമിന്റെ നിർമ്മാണംകൊണ്ട് മാത്രം സംസ്ഥാന താൽപ്പര്യങ്ങൾ പ്രതികൂലമായി ബാധിക്കപ്പെട്ടിട്ടില്ല.

(സി)&(ഡി) ബേബി ഡാം ബലപ്പെടുത്താൻ ഉദ്ദേശിച്ചുകൊണ്ട് പണികളുടെ ടെണ്ടർ വിളിക്കുകയും വർക്ക് അവാർഡ് ചെയ്യുകയും ചെയ്തതായി അറിവായിട്ടുണ്ട്. ബലപ്പെടുത്തൽ ജോലിക്കാർക്കായി ഡാം പരിസരത്ത് മണൽ, കല്ല്, മറ്റ് നിർമ്മാണ സാമഗ്രികൾ ശേഖരിക്കുന്നതായി പത്രവാർത്തകൾ ശ്രദ്ധയിൽപ്പെട്ടതിനെത്തുടർന്ന് സ്ഥലം സന്ദർശിച്ച് നിജസ്ഥിതി സർക്കാരിനെ അറിയിക്കാൻ അന്തർസംസ്ഥാന നദീജലം കൈകാര്യം ചെയ്യുന്ന ചീഫ് എഞ്ചിനീയറെ ചുമതലപ്പെടുത്തുകയും അദ്ദേഹം 1999 സെപ്റ്റംബർ 8, 9 തീയതികളിൽ സ്ഥലം സന്ദർശിക്കുകയും ചെയ്തു. ബേബി ഡാം ബലപ്പെടുത്താ

LIBRARY ARCHIVES Kerala Legislative Assembly

നായി പണികൾ ആരംഭിച്ചിട്ടില്ല എന്നാണ് ചീഫ് എഞ്ചിനീയർ റിപ്പോർട്ട് ചെയ്തിട്ടുള്ളത്. കേരളത്തിന്റെ അറിവോ സമ്മതമോ കൂടാതെ ബേബി ഡാം ശക്തിപ്പെടുത്താൻ എന്തെങ്കിലും നീക്കം തമിഴ്നാടിന്റെ ഭാഗത്തുനിന്നുണ്ടാകുന്നുണ്ടോ എന്ന് നിരീക്ഷിക്കാനും ജാഗ്രത പുലർത്താനും ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

വിനോദസഞ്ചാര വികസനം

9 (*155) ഡോ. കെ.സി. ജോസഫ് :
ശ്രീ. ആന്റണി രാജു :
ശ്രീ. ടി.എസ്. ജോൺ :
ശ്രീ. പി.സി. ജോർജ്ജ് :
ശ്രീ. മോൻസ് ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-വിനോദസഞ്ചാര-നിയമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആഭ്യന്തര ടൂറിസ്റ്റുകളേയും വിദേശ ടൂറിസ്റ്റുകളേയും സംസ്ഥാനത്തേയ്ക്ക് ആകർഷിക്കുന്നതിനായി പുതുതായി ആരംഭിച്ച നടപടികൾ എന്തൊക്കെയെന്ന് വിശദമാക്കുമോ;

(ബി) ഇന്റർനെറ്റിലൂടെ കേരളത്തിലെ വിനോദസഞ്ചാര കേന്ദ്രങ്ങളെ ലോകമെമ്പാടും പരിചയപ്പെടുത്താനുള്ള നടപടി ഏതു ഘട്ടത്തിലാണ്;

(സി) ടൂറിസം വികസനം മുൻനിറുത്തി ടെലിവിഷൻ ചാനലുകളിലൂടെ പുതിയ പ്രചരണ പരിപാടികൾ ആവിഷ്കരിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ;

(സി) പാതിരാമണൽ, തെൻമല, വാഗമൺ എന്നീ സ്ഥലങ്ങളിൽ കേന്ദ്രീകരിച്ചുള്ള പുതിയ ടൂറിസം പദ്ധതികൾ വിശദീകരിക്കുമോ?

ഭക്ഷ്യ-വിനോദസഞ്ചാര-നിയമ വകുപ്പുമന്ത്രി (ശ്രീ. ഇ. ചന്ദ്രശേഖരൻ നായർ) :

(എ) ആഭ്യന്തര ടൂറിസ്റ്റുകളേയും വിദേശ ടൂറിസ്റ്റുകളേയും സംസ്ഥാനത്തേയ്ക്ക് ആകർഷിക്കുന്നതിനായി വിനോദസഞ്ചാരികൾക്കാവശ്യമായ സൗകര്യങ്ങൾ വിപുലമാക്കാനും വിനോദസഞ്ചാരികളെ ആകർഷിക്കത്തക്ക പദ്ധതികൾ നടപ്പാക്കാനും കേരള ടൂറിസത്തെക്കുറിച്ച് പ്രചാരണ പ്രവർത്തനങ്ങൾ നടത്താനും വേണ്ട കാര്യങ്ങൾ ചെയ്തുവരുന്നുണ്ട്. മുഖ്യ പരിപാടികൾ അനുബന്ധമായി ചേർത്തിട്ടുണ്ട്.†

(ബി) വിവരസാങ്കേതിക വിദ്യയിലുണ്ടായ പുരോഗതി ടൂറിസം പ്രചാരത്തിനായി പരമാവധി പ്രയോജനപ്പെടുത്തിവരുന്നുണ്ട്. ഇതിന്റെ ഭാഗമായി ടൂറിസം ഡയറക്ടറേറ്റ് ആകർഷകമായ ഒരു വെബ്സൈറ്റ് ആരംഭിച്ചിട്ടുണ്ട്. കെ.ടി.ഡി.സി.ക്കും സ്വന്തമായി വെബ്സൈറ്റ് ഉണ്ട്. ഇന്റർനെറ്റിന്റെ മറ്റൊരു പ്രധാന ഉപാധിയായ 'ഇ-മെയിൽ' സംവിധാനവും പൂർണ്ണമായും പ്രയോജനപ്പെടുത്തിവരുന്നുണ്ട്.

(സി) ടൂറിസം വികസനം മുൻനിറുത്തി ടെലിവിഷൻ ചാനലുകളിലൂടെ പരസ്യങ്ങൾ നൽകുന്നതിനായി ലഘുചിത്രങ്ങൾ നിർമ്മിക്കുന്നുണ്ട്. ഇതിന്റെ ചിത്രീകരണം പൂർത്തിയായി. കേരളത്തിന്റെ പ്രകൃതി, സംസ്ക്കാരം,

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly